നിയോജകമണ്ഡലത്തിൽ ചെനപ്പാറകുന്ന് എന്ന കുടിവെള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(സി) വൈദ്യുതി കണക്ഷനുവേണ്ടി 1,01,000 രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കെ. എസ്. ഇ. ബി. പന്തീരാങ്കാവ് ഓഫീസിൽ അടച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷനുവേണ്ടി കെ. എസ്. ഇ. ബി. കോഴിക്കോട് ഓഫീസുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു.

(ഡി) വൈദ്യുതി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

ഹരിപ്പാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം

70 [3213] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിനായി ഏതെല്ലാം പുതിയ പദ്ധതികളാണ് നിലവിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ പദ്ധതികളുടേയും നടപടികൾ ഏത് ഘട്ടങ്ങളിൽ എത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള വിതരണത്തിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

ശുദ്ധജലവിതരണ പദ്ധതിക്ക് എൽ. ഐ. സി.-യുടെ ധനസഹായം

71 [3214] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ എൻ. ശക്തൻ:
„ വർക്കല കഹാർ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്തെ ശുദ്ധജലവിതരണ പദ്ധതികൾക്ക് എൽ. ഐ. സി. എന്തു തുക നൽകി;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികളിൽ നിന്ന് ആളൊന്നിന് ശുദ്ധജലം എത്തിക്കുവാൻ ശരാശരി എന്തു ചെലവു വരും;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) 2002-03 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ 27 പുതിയ ശുദ്ധജല വിതരണ പദ്ധതികൾക്കും തുടർ പദ്ധതികൾക്കുമായി എൽ. ഐ. സി. വായ്പയായി നൽകിയിട്ടുണ്ട്. നടപ്പു വർഷത്തെ ലോൺ സംബന്ധിച്ച് വർഷാവസാനത്തോടെയേ തീരുമാനമാകുകയുള്ളൂ.

(ബി) മേൽ പ്രസ്താവിച്ച 27 പുതിയ പദ്ധതികൾ പൂർത്തിയാകുമ്പോൾ 12.50 ലക്ഷം ജനങ്ങൾക്ക് (1991 സെൻസസ് പ്രകാരം) പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(സി) പദ്ധതി പ്രദേശത്തിന്റെ ഭൂപ്രകൃതി, ഉറവിടത്തിൽ നിന്നും പദ്ധതി പ്രദേശത്തേക്കുള്ള ദൂരം, ജലമർദ്ദത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന വിവിധയിനം പൈപ്പുകൾ, പദ്ധതി ഘടകങ്ങളുടെ എണ്ണം, ജനസാന്ദ്രത, പദ്ധതി ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലത്തിന്റെ വില തുടങ്ങി ഒട്ടനവധി ഘടകങ്ങളെ ആശ്രയിച്ച് ഓരോ പദ്ധതിക്കും ആളൊന്നിന് ശരാശരി ചെലവാകുന്ന തുകയിൽ മാറ്റ മുണ്ടാകും. മുകളിൽ സൂചിപ്പിച്ച പദ്ധതികൾക്ക് ഏകദേശം 800 രൂപ മുതൽ 3790 രൂപ വരെയാണ് ശരാശരി ആളൊന്നിന് ചെലവാകുന്നത്.

(ഡി) ധനലഭ്യതയ്ക്കും, എൽ. ഐ. സി. വായ്പയ്ക്ക് പുറമെ ആവശ്യമായി വരുന്ന ഫണ്ടിന്റെ ലഭ്യതയ്ക്കും വിധേയമായി ഈ പദ്ധതികൾ മൂന്നു മുതൽ അഞ്ചു വർഷം വരെയുള്ള കാലയളവിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കാടുകുറ്റി പഞ്ചായത്തിൽ ശുദ്ധജല വിതരണം

72 [3215] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിന്റെ ആവശ്യത്തിലേക്കായി ടാങ്ക് പണിയുന്നതിന് നീക്കിവച്ചിട്ടുള്ള സ്ഥല ത്തിൽ ടെസ്റ്റ്പിറ്റ് എടുത്തത് എന്നാണ്;

(ബി) ടാങ്ക് പണി ഇപ്പോൾ ഏത് സ്റ്റേജിലാണെന്ന് പറയാമോ;

(സി) പ്രസ്തുത പണി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാ ക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly